പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 582
06.02..2013- ലെ മറുപടിയ്ക്ക്

പങ്കാളിത്ത പെൻഷൻ ഉത്തരവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ,<br>ശ്രീ. വി. ടി. ബൽറാം<br>ശ്രീ. എ. ടി. ജോർജ് | ശ്രീ. കെ. എം. മാണി<br>(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |

| | | |
| --- | --- | --- |
| (എ) | സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്താൻ ഉത്തരവിറങ്ങിയിട്ടുണ്ടോ? എങ്കിൽ വിശദമാക്കുമോ? | സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തികൊണ്ട് 07-01-2013ലെ ജി.ഒ.(പി)നം. 20/13/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. 01.04.2013 മുതൽ നിയമനം ലഭിക്കുന്നവരും കെ. എസ്. ആർ. പാർട്ട് III ബാധകമാകുമായിരുന്നവരും ആയ എല്ലാ ജീവനക്കാർക്കും ഈ പദ്ധതി ബാധകമാണ്. |
| (ബി) | ഏതെല്ലാം ജീവനക്കാർക്കാണ് പ്രസ്തുത പദ്ധതി ബാധകമാകുന്നത്? വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |
| (സി) | കേന്ദ്രത്തിന്റ എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ളത്? വിശദമാക്കുമോ? | കേന്ദ്രത്തിൽ നടപ്പിലാക്കിയ ദേശീയ പെൻഷൻ പദ്ധതിക്കനുസരണമായാണ് സംസ്ഥാനത്തിൽ പങ്കാളിത്തപെൻഷൻ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ പ്രാരംഭനടപടികളാണ് ആരംഭിച്ചിട്ടുള്ളത്. |
| (ഡി) | ഏതെല്ലാം സ്റ്റേജുകളായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്? വിശദമാക്കുമോ? | |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് മൂലം ഉണ്ടാകുന്ന അധിക ധനബാധ്യതയെത്രയെന്ന് വിശദമാക്കുമോ? | 01.04.2013 മുതൽ സർവ്വീസിൽ ചേരുന്ന ജീവനക്കാരുടെ ശമ്പളത്തിന്റെ 10 ശതമാനമാണ് സംസ്ഥാന സർക്കാരിന്റെ ബാധ്യത. |

| | | |
|---|---|---|
| (എഫ്) | സ്റ്റാറ്റ്യൂട്ടറി പെൻഷൻകാരുടെ നിലവിലുള്ള അവകാശങ്ങൾ അതേപടി നിലനിർത്തുമോ? വിശദാംശങ്ങൾ ലഭ്യമാക്കുമോ? | 31.03.2013 വരെ സർവ്വീസിൽ ചേരുന്നവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻകാരുടെ നിലവിലുള്ള അവകാശങ്ങൾ നിലനിർത്തുന്നതാണ്. |

Baijaran

സെക്ഷൻ ഓഫീസർ.